ഒളിക്യാമറ ഏർപ്പെടുത്തുന്നതുമൂലം പ്രധാന ചെക്ക് പോസ്റ്റുകളിലെ ഗതാഗതക്കുരുക്ക് യഥാസമയം കൺട്രോൾ റൂമിൽ നിന്ന് വീക്ഷിക്കാവുന്നതും, അനുയോജ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും സാധിക്കുന്നു. കൂടാതെ രഹസ്യ മാമൂൽ ഏർപ്പാടുകൾ ഒരു പരിധിവരെ നിയന്ത്രിക്കുന്നതിനും സാധിക്കും.

(ബി) ഇ-ഡിക്ലറേഷൻ സംവിധാനം അക്ഷയ വഴി അമരവിള ചെക്ക് പോസ്റ്റിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. ഒളിക്യാമറ സജ്ജമാക്കുന്ന പ്രക്രിയകൾ കെൽട്രോൺ മുഖേന നടന്നു വരുന്നു. ആദ്യമായി അമരവിള ചെക്ക് പോസ്റ്റിലാണ് ഇത് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നത്. ഇതിന്റെ വിജയസാധ്യത മനസ്സിലാക്കിയശേഷം എല്ലാ പ്രധാന ചെക്ക് പോസ്റ്റുകളിലും താമസംവിനാ നടപ്പിലാക്കുന്നതാണ്.

നികുതി വെട്ടിപ്പുമായി ബന്ധപ്പെട്ട കേസുകൾ

174 (4528) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നികുതി വെട്ടിപ്പുമായി ബന്ധപ്പെട്ട എത്ര കേസുകൾ കണ്ടുപിടിച്ചിട്ടുണ്ട് ; ജില്ലതിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ ;

(ബി) നികുതി വെട്ടിപ്പ് നടത്തുന്നവരെ കണ്ടെത്താൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത് ;

(സി) അതുപ്രകാരം കണ്ടെത്തിയ നികുതി വെട്ടിപ്പുകാർക്ക് എതിരെ ശിക്ഷാനടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നികുതി വെട്ടിപ്പുമായി ബന്ധപ്പെട്ട് കണ്ടുപിടിച്ച കേസുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

ജില്ല	കേസുകളുടെ എണ്ണം
(1)	(2)
തിരുവനന്തപുരം	11129
കൊല്ലം	19015
പത്തനംതിട്ട	9048
ആലപ്പുഴ	25626
കോട്ടയം	27042
ഇടുക്കി	17564

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)
എറണാകുളം	2328
തൃശൂർ	1137
പാലക്കാട്	975
മലപ്പുറം	21734
കോഴിക്കോട്	28880
വയനാട്	10476
കണ്ണൂർ	21302
കാസർഗോഡ്	39795
ആകെ	236051

(ബി) ഇന്റലിജൻസ് സ്കാഡുകൾ നിരന്തരമായി കട പരിശോധന, വാഹന പരിശോധന എന്നിവ നടത്തി വരുന്നു. കൂടാതെ റെയിൽവേ സ്റ്റേഷനുകൾ, പാർസൽ ഓഫീസുകൾ എന്നിവ കേന്ദ്രീകരിച്ച് പ്രത്യേക പരിശോധനകളും കൃത്യമായി നടത്തിവരുന്നുണ്ട്.

(സി) നികുതി വെട്ടിപ്പുകാർക്കെതിരെ ചരക്കുകൾ കണ്ടുകെട്ടുക, രജിസ്ട്രേഷൻ റദ്ദ് ചെയ്യുക, ചട്ടപ്രകാരം പിഴയും, നികുതിയും വസൂലാക്കുക, പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുക എന്നിവ ഉൾപ്പെടെയുള്ള ശിക്ഷാ നടപടികൾ ഇപ്പോൾത്തന്നെ സ്വീകരിച്ചുവരുന്നുണ്ട്.

നികുതി ചുമത്താൻ നടപടി

175 (4529) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മാഹി പോലുള്ള പ്രദേശത്ത് നിന്ന് മദ്യവും മറ്റ് വസ്തുക്കളും കേരളത്തിലേക്ക് കൊണ്ടുവരുമ്പോൾ സംസ്ഥാനത്തിന്റെ നികുതി ചുമത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പ്രവേശന നികുതി അസ്ഥിരപ്പെടുത്തിയ സാഹചര്യത്തിൽ മറ്റു സംസ്ഥാനങ്ങളിൽനിന്നും സാധനങ്ങൾ കേരളത്തിലേയ്ക്ക് കൊണ്ടുവരുമ്പോൾ പ്രവേശന നികുതി ചുമത്താൻ സാധ്യമല്ല. അവ കേരളത്തിൽ വിൽക്കുമ്പോഴേ നികുതി ബാധ്യതയുള്ളു. നിലവിൽ വാറ്റ് നികുതിയുടെ പരിധിയിൽ വരുന്ന, നികുതി വെട്ടിപ്പിന് കൂടുതൽ സാധ്യതയുള്ള 11 ചരക്കുകൾ വിൽപ്പനയ്ക്കായി കൊണ്ടുവരുന്ന രജിസ്ട്രേഷനുള്ള വ്യാപാരികളിൽ നിന്നും വാണിജ്യ നികുതി കമ്മീഷണറുടെ 2008 മാർച്ച് 24-ാം തീയതിയിലെ 11/2008 സർക്കുലർ പ്രകാരം മുൻകൂർ നികുതി പിരിക്കുകയും, അപ്രകാരം നൽകിയ

LIBRARY ARCHIVES Kerala Legislative Assembly